LIBRARY ARCHIVES Kerala Legislative Assembly

ദേശീയ ചേരി വികസന പരിപാടി

100 [5245] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ ചേരി വികസന പരിപാടി അനുസരിച്ച് സംസ്ഥാന ഗവൺമെന്റ് 1997-98, 1998-99, 1999-2000, 2000-2001, 2001-02, 2002-03 എന്നീ വർഷങ്ങളിൽ പ്രസ്തുത പദ്ധതിക്കുവേണ്ടി എന്ത് തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ചേരി നിവാസികളുടെ ഉന്നമനത്തിനായി ഏതൊക്കെ മേഖലകളിലാണ് പ്രസ്തുത തുക ചെലവഴിച്ചിട്ടുള്ളത്;

(സി) ഓരോ മേഖലയിലും കഴിഞ്ഞ ആറ് വർഷങ്ങളിൽ എന്ത് തുക വീതം ചെലവഴിച്ചിട്ടുണ്ടെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) എൻ.എസ്.ഡി.പി. പ്രകാരം കേന്ദ്രഗവൺമെന്റ് 2001-02, 2002-03 എന്നീ വർഷങ്ങളിൽ എന്ത് തുക വീതം അനുവദിച്ചു;

(ഇ) എന്ത് തുക വീതം ചെലവഴിച്ചു; വിശദ വിവരം ലഭ്യമാക്കുമോ;

(എഫ്) കേന്ദ്രഗവൺമെന്റ് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാതിരിക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കുമോ;

(ജി) ട്രഷറി നിയന്ത്രണം കാരണം എൻ.എസ്.ഡി.പി.ക്ക് അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിയാതിരുന്ന കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) എങ്കിൽ പ്രസ്തുത തുകയ്ക്ക് ട്രഷറി നിയന്ത്രണത്തിൽ ഇളവ് അനുവദിക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ)

രൂപ ലക്ഷത്തിൽ

1997-1998	160
1998-1999	800
1999-2000	1300
2000-2001	1000
2001-2002	529.68
2002-2003	1997

(ബി) വീട് നിർമ്മാണം, പുനരുദ്ധാരണം, കുടിവെള്ളം ലഭ്യമാക്കൽ, കക്കൂസ് നിർമ്മാണം, ചെറിയ പാലങ്ങൾ, ഓടകൾ, കലുങ്കുകൾ, പൊതുകെട്ടിടങ്ങൾ, പ്രഥമികാരോഗ്യ കേന്ദ്രങ്ങൾ എന്നിവയുടെ നിർമ്മാണത്തിനും ലൈബ്രറി പ്രവർത്തനം, വഴിവിളക്കുകൾ സ്ഥാപിക്കൽ എന്നീ കാര്യങ്ങൾക്കാണ് ചെലവഴിച്ചിട്ടുള്ളത്.

(സി) ചെലവഴിച്ച തുകയുടെ പൂർണ്ണ വിശദാംശങ്ങൾ ഇനം തിരിച്ച് നഗര സഭകളിൽനിന്നും ശേഖരിച്ചുവരുന്നു.

(ഡി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാർ 2001-02-ൽ 1,225 ലക്ഷം രൂപയും 2002-03-ൽ 972 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ഇ) 2001-02, 2002-03 വർഷങ്ങളിൽ 1997 ലക്ഷം രൂപ അനുവദിച്ചു. അതിൽ 1152.40 ലക്ഷം രൂപ നഗരസഭകൾ ചെലവഴിക്കയുണ്ടായി. വിശദവിവരങ്ങൾ ശേഖരിച്ചു വരുന്നു.

(എഫ്) ഓരോ നഗരപ്രദേശത്തും നടപ്പിലാക്കുന്ന ചേരിവികസന പരിപാടികൾ അതാത് പ്രദേശങ്ങളിലെ സി.ഡി.എസ്. സംവിധാനത്തിലൂടെയാണ് നടപ്പിലാക്കിവരുന്നത്. മുൻഗണനാക്രമത്തിൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി നഗരസഭാ കൗൺസിൽ, കുടുംബശ്രീ എന്നിവയുടെ അംഗീകാരത്തിന് വിധേയമായി നടപ്പിലാക്കുന്നു. ട്രഷറി നിയന്ത്രണം ചിലപ്പോൾ തടസ്സം വരുത്താറുണ്ട്.

(ജി) ഉണ്ട്.

(എച്ച്) ട്രഷറി നിയന്ത്രണത്തിൽനിന്നും ധനകാര്യ വകുപ്പിന്റെ ക്ലിയറൻസ് വാങ്ങി ഒഴിവാക്കി കൊടുത്തിട്ടുണ്ട്.

കുടുംബശ്രീ പദ്ധതിയുടെ പുരോഗതി

101 [5246] ഡോ. തോമസ് ഐസക്:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
,, ഗിരിജാ സുരേന്ദ്രൻ:
ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പദ്ധതിയുടെ പുരോഗതി സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി സംസ്ഥാനത്ത് എന്നാണ് നടപ്പിലാക്കിയത്; ഇതിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ഇതിനകം എത്ര അയൽക്കൂട്ടങ്ങൾ വിളിച്ചുചേർത്തിട്ടുണ്ട്;

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വനിതകളെ എപ്രകാരമാണ് ഈ പദ്ധതിയിലേക്ക് കൊണ്ട് വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) സ്ത്രീകളുടെ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി കുടുംബശ്രീ പദ്ധതി എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly